2. സാമൂഹ്യസുരക്ഷിതത്വ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചു:

എല്ലാ സാമൂഹ്യസുരക്ഷിതത്വ പെൻഷൻതുകകളും 300 രൂപയായി വർദ്ധിപ്പിച്ചു. ഇതനുസരിച്ച് വയനാട് ജില്ലയിൽ 33656 പേർക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

3. പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം :

ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയതു വഴി പൊതുജനങ്ങൾക്ക് കാര്യക്ഷമമായും സമയബന്ധിതമായും സേവനം ലഭ്യമാക്കാൻ കഴിഞ്ഞു. വയനാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇത് നടന്നുവരുന്നു.

4. കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റ്:

സംസ്ഥാനം സാമ്പത്തിക ഞെരുക്കം കൈവരിച്ചതിനാൽ പഞ്ചായത്തുകളിലെ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ യഥാസമയം ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വയനാട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വികസനഫണ്ട് ഇനത്തിൽ 191866068 രൂപയുടെയും മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 37784344 രൂപയുടെയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കി.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.*

കോഴിക്കോട് ജില്ലയിൽ വാർഷിക പദ്ധതികൾ പൂർണ്ണമായി വിനിയോഗിക്കാത്ത പഞ്ചായത്തുകൾ

155(363) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ വാർഷിക പദ്ധതികൾ പൂർണ്ണമായി വിനിയോഗിക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട് എന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

കോഴിക്കോട് ജില്ലയിൽ ആകെയുള്ള 78 ഗ്രാമപഞ്ചായത്തുകളിൽ കൂടരഞ്ഞി, കൊടുവള്ളി, പനങ്ങാട്, മാവൂർ, കുന്നമംഗലം, കുറ്റ്യാടി, കടലുണ്ടി, കൊടിയത്തൂർ എന്നീ 9 ഗ്രാമപഞ്ചായത്തുകൾ മാത്രമേ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ 95 ശതമാനത്തിലധികം പദ്ധതി വിഹിതം ചെലവാക്കിയിട്ടുള്ളൂള്ളൂ. പനങ്ങാട്, മാവൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ 2006-07-ലും മാവൂർ ഗ്രാമപഞ്ചായത്ത് 2007-08-ലും 100 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം

156(364) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ ഒരു ജൂനിയർ സൂപ്രണ്ട്, രണ്ട് യു. ഡി. ക്ലർക്കുമാർ എന്നിവരുടെ കുറവുള്ളതിനാൽ പഞ്ചായത്തിന്റെ പ്രവർത്തനത്തിനു ബുദ്ധിമുട്ടു നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) കുറവുള്ള ജീവനക്കാരെ നിയമിക്കുന്നതിനായി പഞ്ചായത്തധികാരികൾ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള രണ്ട് യു.ഡി. ക്ലാർക്ക് തസ്തികയിലും യു.ഡി. ക്ലാർക്കുമാർ സേവനമനുഷ്ഠിച്ചുവരുന്നു. മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടിന് 13-12-2010 മുതൽ 90 ദിവസത്തെ ആർജ്ജിത അവധി അനുവദിച്ചിട്ടുണ്ട്. ജൂനിയർ സൂപ്രണ്ടിന്റെ ചുമതല അക്കൗണ്ടന്റിന് നൽകി താൽക്കാലിക ക്രമീകരണം നടത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കുറവ്

157(365) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ എഞ്ചിനീയർമാരുടെ സേവനം ഉറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) മണലൂർ നിയമസഭാ മണ്ഡലത്തിലെ വെങ്കിടങ്ങ്/മുല്ലശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകൾ അടങ്ങിയ ഗ്രൂപ്പിൽ മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലാതുള്ളൂ. ബാക്കി എല്ലാ പഞ്ചായത്തുകളിലും നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly